(ബി) പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്നത്തേയ്ക്കാരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അപ്പാരൽ പാർക്കിന് ആവശ്യമായ പ്രവർത്തന ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദേശനാണ്യങ്ങളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചു കഴിഞ്ഞാൽ സംസ്ഥാനത്ത് എത്ര വനിതകൾക്ക് തൊഴിൽ നൽകാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വസ്ത്ര നിർമ്മാണത്തിൽ വനിതകൾക്ക് ആധുനിക പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തുമ്പ, മേനംകുളത്തുള്ള കിൻഫ്ര അപ്പാരൽ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഒരു ഏക്കർ വീതം വിസ്തീർണ്ണമുള്ള 31 പ്ലോട്ടുകളുടെയും റെഡിമെയിഡ് വ്യവസായം ആരംഭിക്കുന്നതിന് വേണ്ടിയുള്ള 3 സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) വ്യവസായികൾക്ക് റെഡിമെയ്ഡ് വ്യവസായം തുടങ്ങുന്നതിന് വേണ്ടി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെയും ഇൻഡസ്ട്രിയൽ പ്ലോട്ടുകളുടെയും അലോട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. ആദ്യ ഫാക്ടറിയിൽ 2000 ജനുവരിയോടെ ഉല്പാദനമാരംഭിക്കുമെന്ന് കണക്കാക്കുന്നു.

(സി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് 1572 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വ്യവസായങ്ങൾ തുടങ്ങുന്നതും അതിൽ നിക്ഷേപങ്ങൾ നടത്തുന്നതും സ്വകാര്യ വ്യവസായികൾ ആയിരിക്കും.

(ഡി) ഇല്ല

(ഇ) അപ്പാരൽ പാർക്കിലെ എല്ലാ പ്ലോട്ടുകളിലും വ്യവസായങ്ങൾ തുടങ്ങിക്കഴിഞ്ഞാൽ കുറഞ്ഞത് 10,000 വനിതകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു. പരോക്ഷമായും വളരെയധികം പേർക്ക് തൊഴിൽ ലഭ്യമാകും.

(എഫ്) വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനുള്ള ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

24 (580) വനിതാ വികസനകോർപ്പറേഷനിലെ മത്സ്യ സംസ്കരണ യൂണിറ്റ്

ശ്രീ. എളമരം കരിം :
ശ്രീ. സി.പി. ബാവൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ മത്സ്യ സംസ്കരണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതെന്നു വെളിപ്പെടുത്തുമോ?

(സി) വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് കൂടുതൽ മത്സ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ഡി) വനിതാ വികസന കോർപ്പറേഷന്റെ കീഴിലുള്ള മത്സ്യ സംസ്കരണ യൂണിറ്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഡിമാന്റ് വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമോ;

(ഇ) എങ്കിൽ ഡിമാന്റിന് അനുസൃതമായി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് മത്സ്യസംസ്കരണ യൂണിറ്റുകൾ ആരംഭിച്ച് കൂടുതൽ വനിതകൾക്ക് തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

(സി) കൂടുതൽ മത്സ്യസംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ 10യൂണിറ്റുകൾ വീതം ആരംഭിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, ജില്ലകളിൽ ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതതു ജില്ലാ പഞ്ചായത്തുകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇവ ആരംഭിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഉല്പാദനം വർദ്ധപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ബി ഉത്തരത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഏഴ് ജില്ലകളിലെ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുമ്പോൾ കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

25 (581) സോഫ്റ്റ്വെയർ വ്യവസായ വികസനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സോഫ്റ്റ്വെയർ വ്യവസായ വികസനത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly